## ഇസ്‌ലാമും ഇതര ദർശനങ്ങളും

ഇസ്‌ലാമിക ദർശനപ്രകാരം ദൈവമാണ് പ്രപഞ്ച സ്രഷ്ടാവ്. പരമമായ ഉൺമയും കേവലവും നിരുപാധികവുമായ അസ്തിത്വവും ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ്. പ്രപഞ്ചവും, മനുഷ്യനടക്കം സർവചരാചരങ്ങളും ദൈവത്തിന്റെ സൃഷ്ടിയാകുന്നു. അതിനാൽ അവയുടെയെല്ലാം അസ്തിത്വം ആപേക്ഷികമാണ്. ദൈവത്തിന് ആദിയോ അന്ത്യമോ ഇല്ല. എന്നാൽ ആപേക്ഷികാസ്തിത്വങ്ങൾക്ക് തുടക്കവും ഒടുക്കവുമുണ്ട്. സത്തയിൽ തന്നെ അനിവാര്യമായ അസ്തിത്വമാണ് ദൈവം. അവനാണ് പ്രപഞ്ചത്തിന്റെ ഹേതു. എല്ലാ ഹേതുക്കളുടെയും ശൃംഖല അവസാനം അവനിൽ ചെന്നെത്തുന്നു. ആദിഹേതു പദാർഥമോ ദ്വന്ദാത്മകതയോ ആണെന്ന വാദത്തെ ഇസ്‌ലാം ഇപ്രകാരം നിരാകരിക്കുന്നു. കാരണങ്ങളുടെ തുടർച്ച അനന്തമല്ല. അഥവാ ആദികാരണത്തിന് വേറൊരു കാരണം ആവശ്യമില്ല. ആദികാരണം- ദൈവം- ആണ് തുടക്കം. കാര്യ-കാരണ ബന്ധങ്ങളുടെ ശൃംഖലക്ക് ഒരു തുടക്കമില്ലെങ്കിൽ ഓരോ കാരണവും കാര്യമാവുകയും ശൃംഖല അനന്തമായി പിറകോട്ടു നീളുകയും ചെയ്യും. അതിനാലാണ് കാര്യ-കാരണ ബന്ധത്തിനു വിധേയമല്ലാത്ത ഒരാദി കാരണം ആവശ്യമായി വരുന്നത്.

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം ഇസ്‌ലാമിക ദർശനത്തിൽ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ളതാണ്. ദൈവം മനുഷ്യനിൽ പ്രത്യക്ഷപ്പെടുകയോ അവതരിക്കുകയോ ചെയ്യുന്നില്ല. മനുഷ്യനെ മനുഷ്യപ്രകൃതിയിൽ തന്നെ ഇസ്‌ലാം കാണുന്നു. മനുഷ്യ പ്രകൃതി മൗലികമായി പവിത്രമാണ്. ജന്മനാ അതു മലിനമോ പാപം പുരണ്ടതോ അല്ല. എല്ലാ മനുഷ്യനും പാപിയായാണ് ജനിക്കുന്നത് എന്ന ക്രൈസ്തവ ദർശനവുമായി ഇസ്‌ലാം ഇവിടെ ഇടയുന്നു. ക്രൈസ്തവ ദർശനത്തിലെ ആദിപാപ സങ്കല്പം ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഓരോ മനുഷ്യനും തന്റെ പ്രവർത്തനങ്ങൾക്ക് സ്വയം ഉത്തരവാദിയാണ് എന്നതാണ് ഇസ്‌ലാമിന്റെ ദർശനം. വിധിയുടെ കൈയിലെ കളിപ്പാട്ടമായി ഇസ്‌ലാമിക ദർശനം വ്യക്തിയെ ചിത്രീകരിക്കുന്നില്ല. മനുഷ്യനിൽ രണ്ടു ഭാവങ്ങൾ ദൈവം സന്നിവേശിപ്പിച്ചിട്ടുണ്ട്. ഒന്ന് സാത്വിക ഭാവവും മറ്റൊന്ന് അധമഭാവവും. സാത്വികഭാവത്തെ ഉപാസിക്കുന്നവൻ ആത്മീയമായി ഉയരുകയും ദൈവപ്രീതിക്കു പാത്രമാവുകയും ചെയ്യും. അധമ ഭാവത്തെ ഉപാസിക്കുന്നവൻ ആത്മാവിനെ മലിനമാക്കുകയും ദൈവകോപത്തിന് ഇരയാവുകയും ചെയ്യും. രണ്ടിനുമിടയിലുള്ള തെരഞ്ഞെടുപ്പ് മനുഷ്യന്റെ ഉത്തരവാദിത്വമാണ്. എന്നാൽ മനുഷ്യന്റെ ഇച്ഛ, യുക്തി, ജ്ഞാനം എന്നിവ സത്താപരമായി കേവലമല്ല; ആപേക്ഷികമാണ്.

മനുഷ്യന്ന് തന്റെ ഇച്ഛാസ്വാതന്ത്ര്യത്തെ ശരിയായി വിനിയോഗിക്കാൻ ദിവ്യവെളിപാട് ആവശ്യമാണ്. മനുഷ്യന്ന് തന്റെ യുക്തിയെ മാത്രം അവലംബിച്ച് ദൈവിക യാഥാർഥ്യത്തെ പൂർണമായി അറിയാനാവില്ല. ഇതിനു കാരണം മനുഷ്യൻ തന്റെ പ്രജ്ഞയെക്കുറിച്ചു സദാ ജാഗ്രത പാലിക്കുന്നവനല്ല എന്നതാണ്. ആദം വിലക്കപ്പെട്ട കനി ഭുജിച്ചത് മറവി കാരണമായിരുന്നു എന്നു ഖുർആൻ പറയുന്നു. വിസ്മൃതിയിൽനിന്ന് മനുഷ്യരെ ഉണർത്തുകയാണ് പ്രവാചക ധർമം. പ്രവാചകന്മാർക്ക് ദൈവത്തിൽനിന്ന് വെളിപാട് ലഭിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾ വഴിയോ യുക്തിചിന്തനം വഴിയോ പരീക്ഷണ നിരീക്ഷണങ്ങൾ വഴിയോ ലഭിക്കാത്ത ജ്ഞാനത്തിന്റെ ഉറവിടമാണ് ദിവ്യബോധനം അഥവാ പ്രവാചകത്വം. 'ദിവ്യ പ്രകാശത്താൽ പ്രത്യക്ഷമാകുന്ന യുക്ത്യതീതമായ നിഗൂഢതകളെ ദർശിക്കാൻ സഹായിക്കുന്ന ഒരു പ്രത്യേക അവസ്ഥ' എന്ന് ഇമാം ഗസ്സാലി പ്രവാചകത്വത്തെ പരിചയപ്പെടുത്തുന്നു.

പദാർഥ വാദം, നിരീശ്വര വാദം, സന്ദേഹവാദം, സുഖവാദം, ശൂന്യതാവാദം തുടങ്ങിയ എല്ലാവിധ തത്ത്വചിന്താ പ്രവണതകളോടും മൗലികമായി വിയോജിക്കുന്ന ദർശനമാണ് ഇസ്‌ലാമിന്റേത്. പദാർഥവാദികൾ പദാർഥത്തെ മാത്രം യാഥാർഥ്യമായി കാണുന്നു. മനസ്സും പ്രാണനും പദാർഥത്തിന്റെ ഗുണങ്ങളായി മാത്രമേ അവർ കാണുന്നുള്ളൂ. ഭൗതികവും പ്രത്യക്ഷവുമായ വസ്തുക്കൾക്കപ്പുറം യാഥാർഥ്യമില്ല എന്ന വാദത്തിൽനിന്നാണ് നിരീശ്വരവാദം ഉടലെടുക്കുന്നത്. ദൈവത്തിന്റെ അസ്തിത്വത്തിലും ഏകത്വത്തിലും വിശ്വസിക്കുന്ന ഇസ്‌ലാമിന് ഈ വാദങ്ങൾ സ്വീകാര്യമല്ലാതാവുന്നത് സ്വാഭാവികം. ദൈവം ഉണ്ടെന്നോ ഇല്ലെന്നോ പറയുക അസാധ്യമാണെന്ന സന്ദേഹവാദവും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ജീവിതം സുഖിക്കാനുള്ളതെന്ന എപ്പിക്യൂറിയൻ/ ചാർവാക വാദവും പ്രയോജനമുള്ളതെല്ലാം ശരിയാണ് എന്ന പ്രായോഗിക വാദവും ഇസ്‌ലാമിക ദർശനവുമായി യോജിക്കുന്നില്ല.